**27th oct 2021**

**വിഷയം:സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്**

പതിനൊന്നാം ഉഭയകക്ഷി കരാർപ്രകാരം സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് നൽകുന്ന ഇടവേള മൂന്നുവർഷം എന്നത് രണ്ടുവർഷമായി ചുരുക്കിയിട്ടുണ്ട്. എന്നാൽ ഇത്രയും കാലമായിട്ടും ഗുണഭോക്താക്കളായ ജീവനക്കാർക്ക് ഈ ആനുകൂല്യം നമ്മുടെ മാനേജ്മെന്റ് നൽകിയിട്ടില്ല. കഴിഞ്ഞ കുറേ മാസങ്ങളായി സംഘടന ഇത് follow up ചെയ്തുവരികയായിരുന്നു. നാളിതുവരെയായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ജീവനക്കാരിൽ എത്തിക്കുന്നതിൽ മാനേജ്മെന്റിന് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ GM നോട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും നാളെത്തന്നെ മുഴുവൻ ജീവനക്കാർക്കും നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വിഷയത്തിന്റെ ഗൗരവം കൃത്യമായി ബോധ്യപ്പെട്ട ജനറൽ മാനേജർ രണ്ടാഴ്ചകൊണ്ട് അർഹരായ മുഴുവൻ ജീവനക്കാർക്കും പുതുക്കിയ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് നൽകാമെന്ന് പ്രതികരിച്ചു. വളരെ മുന്നേ നൽകേണ്ടിയിരുന്ന ഈ ആനുകൂല്യം ഇത്രയും വൈകിപ്പിച്ചതിന്റെ നഷ്ടം ജീവനക്കാർക്കാണെന്നും ആയതിനാൽ മുഴുവൻ ജീവനക്കാർക്കും പലിശ ഉൾപ്പെടെ ചേർത്ത് നൽകണമെന്നുമാണ് ഈ വിഷയത്തിൽ സംഘടനയുടെ നിലപാട്.

**GS KGBEU OU**